# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2701** **27.01.2014 ൽ മറുപടിയ്ക്ക്**

**ഡാമുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവവകുപ്പ്മന്ത്രി |
| (എ) ഡാമുകളുടെയെല്ലാം സുരക്ഷ സംബന്ധിച്ച പരിശോധന കാലാകാലങ്ങളിൽ നടത്താറുണ്ടോ; ഏറ്റവും ഒടുവിൽ നടത്തിയ പരിശോധനയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്.ഡാം സേഫ്റ്റി ഓർഗനൈസേഷൻ 2012 നവംബർ മാസം 23-ാം തീയതി മലങ്കര ഡാമിലും ഭൂതത്താൻകെട്ട് ബാരേജിലും , ഡാം സേഫ്റ്റി റിവ്യൂ പാനൽ 2013 ഒക്ടോബർ മാസം 3-ാം തീയതി മലങ്കര ഡാമിലും കേരള ഡാം സേഫ്റ്റി അതോറിറ്റി 2014 ജനുവരി മാസം 17-ാം തീയതി കാഞ്ഞിരപ്പുഴ ഡാമിലും ശിരുവാണി ഡാമിലും പരിശോധനകൾ നടത്തിയിട്ടുണ്ട്. |
| (ബി) ഇതിനായി നിയോഗിക്കുന്ന വിദഗ്ദ്ധസമിതിയുടെ ഘടന എപ്രകാരമാണ്; വിശദമാക്കുമോ; | (ബി) | കേരള ഡാം സേഫ്റ്റി അതോറിറ്റി, ഡാം സേഫ്റ്റി റിവ്യൂ പാനൽ, ഡാം സേഫ്റ്റി ഓർഗനൈസേഷൻ എന്നീ വിദഗ്ദ്ധ സമിതികളെ ഡാം സുരക്ഷ സംബന്ധിച്ച പരിശോധനയ്ക്കായി നിയോഗിച്ചിട്ടുണ്ട്. അവയുടെ ഘടന താഴെ കൊടുക്കുന്നു.<br>**കേരള ഡാം സേഫ്റ്റി അതോറിറ്റി** (കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 ലെ സെക്ഷൻ 58 സബ് സെക്ഷൻ(1) പ്രകാരമുള്ള ഘടന)<br>1. റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി – **ചെയർമാൻ**<br>2. ജലവിഭവ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി.(എക്സ് ഒഫിഷ്യോ മെമ്പർ) |

3. ചീഫ് എഞ്ചിനീയർ,ഐ.ഡി.ആർ.ബി യും ചീഫ് എഞ്ചിനീയർ,ഐ.ഡി.ആർ.ബി യെ കൂടാതെ സർക്കാർ നിർദ്ദേശിക്കുന്ന ജലവിഭവ വകുപ്പിലെ രണ്ട് ചീഫ് എഞ്ചിനീയർമാരും. ചീഫ് എഞ്ചിനീയർ, — **എക്സ് ഒഫിഷ്യോ മെമ്പർ**

ഐ.ഡി.ആർ.ബി, അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിയും ആയിരിക്കും.

4. സർക്കാർ നിർദ്ദേശിക്കുന്ന ചീഫ് എഞ്ചിനീയർ,സെൻട്രൽ വാട്ടർ കമ്മീഷൻ

5.ചീഫ് എഞ്ചിനീയർ,( സിവിൽ) കേരള സംസ്ഥാന വൈദ്യുതി ബോർഡ്

6.ചെയർമാൻ,കേരള മലിനീകരണ നിയന്ത്രണ ബോർഡ്. (എക്സ് ഒഫിഷ്യോ മെമ്പർ)

7. ജലവിഭവം, ജലസംരക്ഷണം, അണക്കെട്ടുകൾ എന്നീ വിഷയങ്ങളിൽ പ്രാഗത്ഭ്യമുള്ളതും സർക്കാർ നിയോഗിക്കുന്നതുമായ രണ്ട് പേർ.

8. സർക്കാർ നിർദ്ദേശിക്കുന്ന പ്രഗല്ഭനായ ജിയോളജിസ്റ്റ്.

9. ഡയറക്ടർ,സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്. (എക്സ് ഒഫിഷ്യോ മെമ്പർ)

10.പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്.(എക്സ് ഒഫിഷ്യോ മെമ്പർ)

**ഡാം സേഫ്റ്റി റിവ്യൂ പാനൽ**

സെൻട്രൽ വാട്ടർ കമ്മീഷന്റെ മുൻ ചെയർമാൻ; ചെയർമാനായുള്ള ഡാം സേഫ്റ്റി റിവ്യൂ പാനലിൽ അഞ്ച് റിട്ടയേർഡ് ചീഫ് എഞ്ചിനീയർമാരും കേരള സംസ്ഥാന വൈദ്യുതി ബോർഡിലെ ഒരു റിട്ടയേർഡ് മെമ്പറും (സിവിൽ) അംഗങ്ങളാണ്.

**ഡാം സേഫ്റ്റി ഓർഗനൈസേഷൻ**

ചീഫ് എഞ്ചിനീയർ,ഐ.ഡി.ആർ.ബി-**ചെയർമാൻ**

ചീഫ് എഞ്ചിനീയർ, പ്രോജക്ട് 1
ചീഫ് എഞ്ചിനീയർ, പ്രോജക്ട് 2
ചീഫ് എഞ്ചിനീയർ,മെക്കാനിക്കൽ
ഡയറക്ടർ,ഐ.ഡി.ആർ.ബി — **-മെമ്പർ**

ജോയിന്റ് ഡയറക്ടർ(ഡാം സേഫ്റ്റി - ആന്റ് ഐ.എസ്.ഡബ്ല്യൂ) — **മെമ്പർ ആന്റ് കൺവീനർ**

| | | |
|---|---|---|
| (സി) പരിശോധനയിൽ നവീകരണമോ ഡീ കമ്മീഷനിംഗോ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (സി) | നവീകരണമോ ഡീകമ്മീഷനിംഗോ ആവശ്യമാണെന്ന് വിദഗ്ദ്ധ സമിതി കണ്ടെത്തിയതായി സമിതിയുടെ റിപ്പോർട്ടുകളിൽ പരാമർശമില്ല എന്നാൽ കാഞ്ഞിരപ്പുഴ, ശിരുവാണി എന്നീ രണ്ട് ഡാമുകളുടെയും പരിശോധനയിൽ ഗാലറിക്കുള്ളിൽ വെള്ളം ധാരാളമായി ഊറി വരുന്നത് കണ്ടെത്തുകയും അത് തടയിടുന്നതിനു വേണ്ട മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും മറ്റ് അറ്റകുറ്റപ്പണികൾക്കുള്ള നിർദ്ദേശം നൽകുവാനും കേരള ഡാം സേഫ്റ്റി അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 19 ഡാമുകളുടെ പുനരുദ്ധാരണ നടപടികളും പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ